**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1776** 09-12-2022 - ൽ മറുപടിയ്ക്ക്

**കാർഷിക മേഖലയ്ക്ക് സൗജന്യമായി അധിക വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷിക മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിന് വൈദ്യുതി വകുപ്പിന്റെ സഹായത്തോടെ കാർഷിക മേഖലയ്ക്ക് സൗജന്യമായി അധിക വൈദ്യുതി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ വൈദ്യുതി സൗജന്യ പദ്ധതിയിൽ 1995-96 വർഷം മുതൽ 31.08.1995-ലെ സർക്കാർ ഉത്തരവ് നം.311/95/എഡി പ്രകാരം നെൽകൃഷിക്ക് ഭൂവിസ്തൃതി പരിഗണിക്കാതെ കാർഷിക സൗജന്യ വൈദ്യുതി ആനുകൂല്യം കൃഷി വകുപ്പ് നൽകി വരുന്നു. പിന്നീട് 31.10.1998-ലെ സർക്കാർ ഉത്തരവ് നം. 235/98/എഡി പ്രകാരം 01.04.1997 മുതൽ 2 ഹെക്ടർ വരെയുള്ള കര കൃഷിക്കും കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം താരിഫ് തുക അനുവദിച്ച് വരുന്നു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്നത് പ്രകാരമാണ്.<br><br>i) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ.<br><br>ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.<br><br>iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.<br><br>iv) കൂടാതെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ല.<br><br>കൂടാതെ ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി തുക മുൻകൂറായി ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) മുഖേന നൽകുന്നതിന് 22/09/2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 82/2021/കൃഷി പ്രകാരം സർക്കാർ |

| | | | |
|---|---|---|---|
| | | | തീരുമാനം കൈക്കൊള്ളുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു. പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നെൽക്കർഷകർക്ക് വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുന്നതിനും നെൽകൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുമായി വേഗത്തിലും സൗജന്യമായും വൈദ്യുതി നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ? | (ബി) | കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം വൈദ്യുതി സൗജന്യത്തിന് അർഹരായ കർഷകരുടെ മാനദണ്ഡ പ്രകാരം കൂടുതൽ നെൽകൃഷി ഉൾപ്പെടുത്തുന്നതിനായി, നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ലാതെയാണ് പദ്ധതിയുടെ ആനുകൂല്യം നല്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) മുഖേന മുൻകൂറായി തുക വ്യക്തി/ഗ്രൂപ്പ്/സമിതിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി 22/09/2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 82/2021/കൃഷി പ്രകാരം സർക്കാർ തീരുമാനം കൈക്കൊള്ളുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ